# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2821 12.03.2018-ൽ മറുപടിയ്ക്ക്**

**<u>മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികളുടെ പുന:രധിവാസ ഫ്ലാറ്റുകൾ</u>**

| <u>ചോദ്യം</u><br>ശ്രീ.വി.എസ്.ശിവകുമാർ | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികളുടെ പുന:രധിവാസത്തിനായി മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച 3.5 ഏക്കർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;<br>ബി) പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം എന്നായിരുന്നു നിർവ്വഹിച്ചതെന്ന് വിശദമാക്കുമോ ;<br>സി) പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | എ) ബി) & സി) മുൻസർക്കാരിന്റെ കാലത്ത് 3.5 ഏക്കർ സ്ഥലം മുട്ടത്തറ സ്വീവേജ് ഫാമിൽ ഫ്ലാറ്റ് നിർമ്മാണത്തിന് അനുവദിച്ച് ഉത്തരവിറക്കിയിരുന്നുവെങ്കിലും അന്നത്തെ ഉത്തരവിൽ പറഞ്ഞിരുന്ന സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് മന്ത്രി മുൻകൈയ്യെടുത്ത് ഡയറി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ വച്ച് നിലവിൽ കെട്ടിട നിർമ്മാണത്തിന് അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങൾക്ക് അരികിലേയ്ക്ക് മുട്ടത്തറയിലെ ഫ്ലാറ്റ് നിർമ്മാണത്തിന് സ്ഥലം മാറ്റിയെടുക്കുകയായിരുന്നു. കൂടാതെ, ഡയറി ഫാമിലെ 6 തൊഴിലാളികളെക്കൂടി പുനരധിവസിപ്പിച്ചശേഷമാണ് സ്ഥലം വിട്ടു കിട്ടിയത്. അപ്രകാരം മുട്ടത്തറയിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനം ബഹു. കേരള മുഖ്യമന്ത്രി 2017 ജനുവരി 4-ന് നിർവ്വഹിക്കുകയുണ്ടായി. 24 ഫ്ലാറ്റുകളിലായി 192 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. സ്വീവേജ് ലൈൻ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**